ട്ടെങ്കിലും ഇതുവരെയായിട്ടും ആക്ററ് അനുസരിച്ചു റൂൾസുകൾ ഉണ്ടാക്കുകയോ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയോ ചെയ്യാതിരുന്നതു് എന്താണു്;

(ബി) 1951-ൽ പാർലമെൻറ് പാസാക്കിയ ഈ നിയമം ഈ സംസ്ഥാനത്തിൽ ഉടനെ ഊർജ്ജിതമായി നടപ്പിൽ വരുത്തുന്നതിനു് ഉടനടി വേണ്ട നടപടികൾ ഗവണ്മെൻറ് എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പ്ലാൻറേഷൻ ലേബർ ആക്ററനുസരിച്ചു് നിക്കൽച്ചട്ടങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അവ വളരെ വേഗത്തിൽ നടപ്പിൽ വരുത്തുന്നതിനു വേണ്ട സത്വരനടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്. നിയമം നടപ്പിൽ വരുത്തുന്നതിനു് ആറു് ലേബർ ആഫീസറന്മാരെ കൂടുതലായി നിയമിച്ചിട്ടുണ്ടു്

(ബി) നിയമം നടപ്പിൽ വരുത്തുവാൻ ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്.

പ്ലാൻറേഷൻ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ.

* 287. (52) ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) എത്ര കാലത്തേയ്ക്കാണു് പ്ലാൻറേഷൻ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനെ നിയമിച്ചിരിക്കുന്നതു്;

(ബി) ഇഷ്യൂസ് എല്ലാം ട്രിബ്യൂണലിലേയ്ക്കു റഫർ ചെയ്തുകഴിഞ്ഞോ;

(സി) പുതിയതായി ഉണ്ടായിരിക്കുന്ന ഇഷ്യൂസ് റഫർ ചെയ്യാൻ യൂണിയനുകൾ ആവശ്യപ്പെട്ടാൽ ഗവണ്മെൻറ് റഫർ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മൂന്നു മാസത്തേയ്ക്കാണു് ആദ്യം പ്ലാൻറേഷൻ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനെ നിയമിച്ചതു്. എന്നാൽ ആ കാലം ഇപ്പോൾ നീട്ടിവച്ചിരിക്കുകയാണു്. അനന്തരനടപടിയെപ്പററി ഗവണ്മെൻറ് പരിശോധിച്ചുവരുന്നു.

(ബി) മിക്കവാറും എല്ലാ പ്രധാന ഇഷ്യൂസും റഫർ ചെയ്തിട്ടുണ്ടു്.

(സി) റഫർ ചെയ്യാത്ത ഇഷ്യൂസ് ആണെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെടുന്നതു റഫർ ചെയ്യും.

മാതൃകാവില്ലേജ്

* 288. [55] ശ്രീ സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

പഞ്ചവത്സരപദ്ധതിയിൽ ഒരു മാതൃകാവില്ലേജ് വടക്കാഞ്ചേരി പഞ്ചായത്തിലെ ഏതെങ്കിലും ഒരു വില്ലേജിനു് ഏർപ്പെടുത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly